# വെയിലും നിഴലും

വെയിലിലുള്ളവയ്ക്കു മാത്രമേ തണലുണ്ടാവുകയുള്ളൂ എന്നാണ് സാമാന്യവിവരം. തണലിൽ കഴിയുന്നവയ്ക്ക് നിഴൽ വിരിക്കാനാകില്ല.

മറ്റുള്ളവർക്ക് ഏതെങ്കിലും വിധത്തിൽ ഉപകരിക്കുന്നവർ അതിൻെറതായ പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. നല്ലവരായി ജീവിക്കുന്നവർക്കു മാത്രമേ ജന ത്തിനു മാതൃകകളാകാൻ സാധിക്കുകയുള്ളൂ. അത്തരക്കാരാണ് അനുകരണീയർ.

ഉപദേശിക്കുന്നതുപോലെ എളുപ്പമല്ല ഇക്കാര്യം. സ്വയം നന്നാകാനും മാതൃകായോഗ്യനാകാനും ത്യാഗം ആവശ്യമാണ്. സ്വഭാവ-പെരുമാറ്റ രീതികളിലും ഇടപാടുകളിലും സംസ്കാരത്തിലും ആചാരങ്ങളിലും എന്നു തുടങ്ങി ജീവിതം എന്ന് വ്യവഹരിക്കാവുന്ന സർവതിലും മികച്ചവനാകുക എന്നതാണ് മറ്റുള്ളവർക്ക് മാതൃകയാകുകയെന്നതിൻെറ നിബന്ധന.

തനിക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം ലഭിക്കണമെന്നാഗ്രഹിക്കുന്നവർ ഓർ ക്കേണ്ട ഒരു കാര്യമുണ്ട്. സമൂഹം ആദരിക്കുന്നവരൊക്കെ ഒരു കണക്കിന് മറ്റുള്ള വരാൽ സ്വാധീനിക്കപ്പെടുന്നവരാണ്. അതിനാലാണ് ഉന്നത വ്യക്തിത്വങ്ങളിൽ സംഭ വിക്കുന്ന വീഴ്ച താഴെക്കിടയിലുള്ളവരിൽ സംഭവിക്കുന്ന വീഴ്ചകളെക്കാൾ ദൂര വ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കും എന്നു പറയാൻ കാരണം. അതിനാൽ അത്ത രക്കാർ തങ്ങളുടെ ജീവിതം കുറെയൊക്കെ നല്ലതാക്കാൻ മനപ്പൂർവം ശ്രമിക്കേണ്ടത് ഏറെ ആവശ്യമാണ്.

സമൂഹത്തിൽ സ്വാധീനം ലഭിക്കുന്നുവെന്നതിനർഥം അവരുടെ കർമങ്ങൾ പലതും സ്വാധീനിക്കപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്യുന്നുവെന്നാണ്. അതി നാൽ അവരിൽ സംഭവിക്കുന്ന വീഴ്ചകൾക്ക് അവർ ഉത്തരവാദികളായതു പോലെ അവരാൽ സ്വാധീനിക്കപ്പെടുന്നവരുടെ വീഴ്ചയുടെ ഉത്തരവാദിത്തവും അവർക്കുണ്ട്. നേതാക്കളും ഭരണകർത്താക്കളും ഓർക്കേണ്ട കാര്യമാണിത്.

ചില അടിസ്ഥാനയോഗ്യതകൾ നമ്മിൽ അനിവാര്യമാണ്. പ്രധാനമായും യോഗ്യത, കഴിവ് എന്നീ സംഗതികളെ ആശ്രയിച്ചാണ് നമ്മെ സമൂഹത്തിൽ ഉന്ന തനും അംഗീകരിക്കപ്പെടുന്നവനുമാക്കുന്നത്. അവ രണ്ടിനും വലിയ നിർവചനം ആവശ്യമില്ല. സ്വയം നന്നാകുന്നതിനാണ് യോഗ്യനാകുക എന്നു പറയുന്നത്. കഴിവ് എന്നതുകൊണ്ട് അർഥമാക്കുന്നത്, തന്നെ ആശ്രയിച്ചു നില്ക്കുന്ന സമൂഹത്തെ സേവിക്കാനുള്ള കഴിവാണ്.

മറ്റുള്ളവയ്ക്ക് തണൽ നല്കണമെന്ന് ആഗ്രഹിച്ചതുകൊണ്ട് കാര്യമില്ല. സ്വന്തത്തിന് നിഴൽ ഉണ്ടായെങ്കിൽ മാത്രമേ അത് മറ്റുള്ളവർക്ക് തണലായി പ്രയോ ജനപ്പെടുകയുള്ളൂ. സ്വന്തത്തിന് നിഴൽ ലഭിക്കണമെങ്കിൽ വെയിലേല്ക്കുക തന്നെ വേണം.

നിഴലും തണലും ഉണ്ടായതുകൊണ്ടും കാര്യമില്ല. അത് എല്ലാവർക്കും നിർ ലോഭം അനുഭവിക്കാനുള്ള സൗമനസ്യവും കാണിക്കണം.

കാലത്തിനനുസരിച്ച വിധം വൈജ്ഞാനികമേഖലകളിൽ കഴിവാർജിക്കുക. തന്നെ ആശ്രയിച്ചാൽ പ്രയാസപ്പെടേണ്ടിവരില്ലെന്ന വിധത്തിൽ സമൂഹത്തിനു മുമ്പിൽ എഴുന്നേറ്റു നില്ക്കുക. അവരോട് പറയുന്ന സദ്കാര്യങ്ങൾക്ക് വിപരീതമായി ജീവി ക്കാതിരിക്കുക.

സ്വയം നല്ലവനായിത്തീരാനും അതിനനുസരിച്ച് ജീവിക്കാനും ക്ഷമ ആവശ്യ മാണ്. അത്തരക്കാർ മാത്രമാണ് മാതൃകകളായി അവശേഷിക്കുക.